ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കോങ്ങാട് നിയമസഭാ മണ്ഡലത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ 132 പേർക്ക് ഒന്നാംഘട്ടമായി ഭൂമി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മണ്ഡലത്തിൽ നിന്ന് 1443 കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. 1311 ഗുണഭോക്താക്കൾക്ക് കൂടി പദ്ധതി പ്രകാരം ഭൂമി നൽകേണ്ടതായിട്ടുണ്ട്.

(ബി) ഒന്നാംഘട്ടത്തിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട 52 ഗുണഭോക്താക്കൾക്ക് പട്ടയം നൽകിയിരുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ പട്ടയ വിതരണത്തിൽ ഉൾപ്പെട്ടിരുന്നില്ല.

മുസിരിസ് പൈതൃകപദ്ധതിയുടെ ഭാഗമായ പോലീസ് മ്യൂസിയത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി

139(3019) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃകപദ്ധതിയുടെ ഭാഗമായ നിർദ്ദിഷ്ട പോലീസ് മ്യൂസിയത്തിനായി കണ്ടെത്തിയ ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; നിർദ്ദിഷ്ട പോലീസ് മ്യൂസിയം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയാമോ ?

ഉത്തരം

(എ&ബി) മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി പോലീസ് മ്യൂസിയത്തിന് ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ ഇതുവരെയും റിക്വസിഷൻ ലഭ്യമായിട്ടില്ല.

ഭൂനികുതി സ്വീകരിക്കാത്തത്

140(3020) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചില പ്രദേശങ്ങളിൽ ഭൂനികുതി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ വില്ലേജ് പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലാണ് നികുതി സ്വീകരിക്കാത്തത്; ഇതിനുള്ള കാരണം വ്യക്തമാക്കുമോ; ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly